**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2270** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നുമുള്ള വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും തൊട്ടുമുൻപുള്ള സർക്കാരിന്റെ കാലത്തും ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ; | (എ) | കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും തൊട്ടുമുൻപുള്ള സർക്കാരിന്റെ കാലത്തും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖാന്തിരം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സുഭിക്ഷ പദ്ധതി- പൊതുജനങ്ങൾക്ക് സബ്സിഡി നിരക്കിൽ (30 രൂപയ്ക്ക്) ഊണ് നൽകുന്ന സുഭിക്ഷ ഹോട്ടലിന്റെ പ്രാരംഭ ചെലവുകൾക്കായി 2022 ൽ 1,24,100/- രൂപ അനുവദിച്ചു. കോന്നി താലൂക്കിലെ കൂടലിൽ നിലവിൽ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു.<br>2. കെ-സ്റ്റോർ - റേഷൻ കടകളിലൂടെ ശബരി ഉൽപ്പന്നങ്ങൾ, പാചക വാതകം (CHOTTU GAS), CSC സേവനങ്ങൾ, MSME ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുന്ന കെ-സ്റ്റോർ പദ്ധതി കോന്നി താലൂക്കിലെ 20 റേഷൻ കടകളിൽ നടത്തി വരുന്നുണ്ട്. അവയുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.<br>3. സഞ്ചരിക്കുന്ന റേഷൻകട - കോന്നി മണ്ഡലത്തിലെ ആദിവാസി ഉന്നതികളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്ന സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിയ്ക്ക് ലഭ്യമാക്കിയ തുകയുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.<br>4. കോന്നി താലൂക്കിലെ റേഷൻ കട നവീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 143 കടകൾക്കായി 3,57,500/- രൂപ (ഒരു കടയ്ക്ക് 2500/- രൂപ വീതം ) അനുവദിച്ചിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരം ലഭ്യമാക്കാമോ; | (ബി) | മേൽ പദ്ധതികൾ എല്ലാം നിലവിൽ നടന്നു വരുന്നു. |
| (സി) | അവയിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരവും പുരോഗതിയും | (സി) | പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നമ്പർ | കെ-സ്റ്റോർ ആരംഭിച്ച വർഷം | കെ-സ്റ്റോർ | എണ്ണം |
|---|---|---|---|
| **1** | **2023** | **1373030, 1373091, 1373130, 1373032, 1373069, 1373143** | **6** |
| **2** | **2024** | **1373121, 1373014, 1373018, 1373029, 1373006, 1373051, 1373077, 1373026, 1373124** (**1373124** എന്ന കട നിലവിൽ സസ്പെൻഷനിലാണ്) | **9** |
| **3** | **2025** | **1373022, 1373042, 1373070, 1373098, 1373099, 1373045** | **6** |
| | | ആകെ | **21** |

**അഡ്വ ജി ആർ അനിൽ**

**MINISTER**

**അനുബന്ധം II**

| ക്രമ നമ്പർ | വർഷം | തുക (രൂപ) |
|---|---|---|
| **1** | **2021-2022** | **28,800** |
| **2** | **2022-2023** | **53,370** |
| **3** | **2023-2024** | **49,499** |
| **4** | **2024-2025** | **41,251** |
| **5** | **2025-2026** (സെപ്തംബർ 2025 വരെ) | **15,865** |
| | | **1,88,785** |

**അഡ്വ ജി ആർ അനിൽ**

**MINISTER**